# Laureola

*Special Supplement*

**SAHRDAYA**

**COLLEGE OF ADVANCED STUDIES**

**KODAKARA**

AN UNDERTAKING OF THE IRINJALAKUDA DIOCESAN EDUCATIONAL TRUST (IDET)

AFFILIATED TO UNIVERSITY OF CALICUT APPROVED BY GOVERNMENT OF KERALA



# PRATHIBHA SANGAMAM

# CAREER GUIDANCE

# SET EXAMINATION



"Earning a college degree is such an important step in life that it has become a central part of the " Indian Dream ". Its all about opening up opportunities in life. It prepares you, both intellectually and socially, for your career and future life. It leads to overall happiness and stability".

"It may not always be that simple, but it all starts with your college education".

**MAR PAULY KANNOOKADAN**
BISHOP OF IRINJALAKUDA
FOUNDER SAHRDAYA COLLEGE OF ADVANCED STUDIES
CHAIRMAN (IDET)



"The outstanding teacher attracts the finest students and creates an overall intellectual atmosphere in which there is team spirit, with individuals pushed to the limits of their intellectual capabilities and each deriving strength from the other, in a resonant and supportive manner. Creating such a center of excellence is a mission for each and every member of this Institution".

**REV. MSGR. PROF. DR. LAZAR KUTTIKADAN**
MANAGER - SAHRDAYA COLLEGE OF ADVANCED STUDIES
*PRESIDENT ( IDET )*

# OUR ACHIEVEMENT

**100% Results in University Exams**

**Fourth Position in (Overall) Calicut University – Inter Zone competition**

## CALICUT UNIVERSITY D-ZONE COMPETITIONS

- First position in D-Zone onstage competition – 2015-16
- First Runner-up in D-Zone overall – 2015-16
- Second Runner-up in D-Zone Overall – 2014-2015

## DOVE (Department of Value Education)

- Second Rank in value education examination 2016
- First and second rank in value education examination 2015

## SADGUNA AWARD WINNERS – Calicut University

- MS. NITHA PAUL – 2015
- MS.JUBY MARIA JOY – 2014

## Management Fest - Overall Championship

- LEGADO 2K16 – HOLLY GRACE ACCADEMY MALA
- ST. ALOCIOUS MANAGEMENT FEST 2016
- DON BOSCO INTER COLLEGIATE FEST 2016
- D-PAUL MANAGEMENT FEST 2015
- LEGADO 2K15 – HOLLY GRACE ACCADEMY MALA
- JeMeCe 2015 – JOHN MATHAI CENTRE

EMINENCE 2K15 – ELIJAH INSTITUTE OF MANAGEMENT STUDIES



# സർഗ്ഗാത്മകതയുടെ സുഗന്ധം

## സ്വപ്നം ജീവിതമാക്കുന്ന

# ഒരു 'സഹൃദയ' മാതൃക

ഓരോ വിദ്യാർത്ഥിയുടെയും കഴിവുകളെ സ്ഫുടം ചെയ്തെടുക്കാനുള്ളതാണ് വിദ്യാഭ്യാസം. വിദ്യാർത്ഥിക്കുള്ളിലെ ഏറ്റവും നന്മയുള്ളത്, സൗന്ദര്യമുള്ളത്, കരുത്തുള്ളത്, വിസ്മയങ്ങളുള്ളത് പുറത്തുകൊണ്ടുവരുവാനുള്ള തീവ്രപ്രയത്നങ്ങളാണ് വിദ്യാലയത്തിന് അഴകും അർത്ഥവും നൽകുന്നത്. Education എന്ന വാക്ക് ലാറ്റിനിൽ edu - care എന്ന പദത്തിൽ നിന്നു വന്നതാണ്. ഇതിന്റെ അർത്ഥം ഉള്ളിൽ നിന്നും പുറത്തെടുക്കുക (To draw out from) എന്നാണ്. ആന്തരിക സിദ്ധികളെ സ്വഭാവത്തിന്റെ പൂർണ്ണതയ്ക്കുവേണ്ടി പുറത്തുകൊണ്ടുവന്ന് പ്രകാശിപ്പിക്കുന്നതാണ് വിദ്യാഭ്യാസം. വിമോചിപ്പിക്കുന്നതെന്തോ, അതാണ് വിദ്യാഭ്യാസത്തിന്റെ പൊരുൾ.

ഒന്നിച്ചു ജീവിക്കാൻ പഠിക്കണം (Learn to live together), അറിവുകൾക്കായി പഠിക്കണം (Learn to know), പ്രവർത്തിക്കാൻ പഠിക്കണം (Learn to do), സ്വയം തിരിച്ചറിയാൻ വ്യക്തിത്വം എന്തെന്നറിയാൻ പഠിക്കണം (Learn to be). മികച്ച വിദ്യാഭ്യാസത്തിന്റെ നാല് സ്തംഭങ്ങളായി യുനെസ്കോ മുന്നോട്ടു വച്ച ആദർശമാണിത്. സ്വഭാവരൂപവൽക്കരണം മറ്റെല്ലാ ജീവിതമൂല്യങ്ങളും സാക്ഷാത്കരിക്കപ്പെടുന്നതിന്റെ മുന്നുപാധിയാണ്.

സ്വഭാവം അല്ലെങ്കിൽ വ്യക്തിത്വം വിദ്യാർത്ഥിയുടെ വ്യത്യസ്തതയാണ്. വ്യത്യാസത്തെ മനസ്സിലാക്കിക്കൊടുക്കലാണ് വ്യക്തിത്വ വികാസത്തിന്റെ അടിസ്ഥാനം. ഓരോ വിദ്യാർത്ഥിയും വ്യത്യസ്തതകൊണ്ട് അദ്വിതീയനാണ്; അതുല്യനാണ്. തനിക്കു മാത്രമായി പ്രകാശിപ്പിക്കാൻ ആന്തരികസൗന്ദര്യമുണ്ടെന്ന് തിരിച്ചറിവാണ് ഏറ്റവും പ്രധാനം. ആ പ്രകാശത്തിലേക്ക് വിദ്യാർത്ഥിയെ ഉത്തേജിപ്പിക്കുവാനാണ് ഓരോ വിദ്യാലയവും ശ്രമിക്കേണ്ടത്. ഇത്തരമൊരു സാംസ്കാരിക ദൗത്യമേറ്റെടുത്ത കലാലയമാണ് സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്. ഒട്ടേറെ സവിശേഷതകളുള്ള ഒരു കലാലയം. മികച്ച ഭാവനകളും സ്വപ്നങ്ങളുമുള്ള ഒരു കലാലയം. ആരെയും മോഹിപ്പിക്കുന്ന സർഗ്ഗാത്മകയുടെയും സംഭാവനയുടെയും സൗന്ദര്യമുള്ള അന്തരീക്ഷം. പുതുസാധ്യതകളുടെ വെളിച്ചം വിരിഞ്ഞു നിൽക്കുന്ന പ്രവേശനങ്ങളുടെ ആകാശം. വൈവിധ്യമുള്ള പാഠ്യേതര പ്രവർത്തനങ്ങൾ. ഊർജ്ജസ്വലവും ദീർഘവീക്ഷണവുമായ നേതൃത്വം. ബുദ്ധിയും ഹൃദയവും ഇണങ്ങിച്ചേരുന്ന മൂല്യസമ്പന്നമായ വിദ്യാഭ്യാസത്തെ ഈ കലാലയം മുന്നോട്ടു വയ്ക്കുന്നു. അറിവിനോളം, ഒരു പക്ഷേ അതിനുമപ്പുറം പ്രാധാന്യം ജീവിതത്തിൽ അനുഭൂതികൾക്കുണ്ട്. മസ്തിഷ്കത്തിലേയ്ക്കുള്ള വഴി ഹൃദയത്തിലൂടെ കടന്നുപോകണം. ഹൃദയത്തിന്റെ ഭാഷയാണ് കല. ഭാവനയുടെ ഭാഷയാണ് സാഹിത്യം. വിദ്യാഭ്യാസം ഒരു ഹൃദയ ശുശ്രൂഷയാകണം അതുകൊണ്ടാണ്. കലയും സാഹിത്യവും ഭാഷയും ചേർന്നുള്ള സൗന്ദര്യാത്മക വിദ്യാഭ്യാസത്തിന് മുഖ്യപ്രാധാന്യം നൽകുന്ന കലാലയം എന്ന നിലയിൽ 'സഹൃദയ' എന്ന നാമധേയം ഏറ്റവും അന്വർത്ഥമാകുകയാണിവിടെ. ബോധനശാസ്ത്രത്തെ സൗന്ദര്യവൽക്കരിക്കുവാൻ മുന്തിയ പരിഗണന നൽകുന്ന കലാലയമാണിത്.



**Tradition, Discipline, Hard work, Exellence** എന്നീ നാല് തൂണുകളിലാണ് എല്ലാ നല്ല വിദ്യാലയങ്ങളും അഭിമാനപൂർവ്വം നിലകൊള്ളുന്നത്. എന്നാൽ സഹൃദയയെ സംബന്ധിച്ചിടത്തോളം മറ്റൊരു തൂണുകൊണ്ടുകൂടി കലാലയം ഉയർന്നുനിൽക്കുന്നു. അത് കലയുടെയും ഭാവനയുടെയും സൗന്ദര്യാത്മക പരിശീലനങ്ങളുടെയും ഒരു അധികതലം ആണ്. വിദ്യാർത്ഥികളുടെ ഭാവനാത്മകമായ കലാസിദ്ധികളാൽ പുഷ്പിക്കുന്ന സർഗ്ഗാത്മകമായ ഒരിടം ഈ കലാലയത്തെ കൂടുതൽ സുന്ദരമാക്കുന്നുണ്ട്. സംഗീതം, നൃത്തം, നാടകം, ചിത്രകല, പ്രസംഗം, എഴുത്ത് എന്നിങ്ങനെ സർഗ്ഗാത്മകതയുടെ ഉത്തേജകരമായ അന്തരീക്ഷമാണ് 'സഹൃദയ'യെ വേറിട്ടുനിർത്തുന്നത്. തങ്ങളുടെ വിദ്യാർത്ഥിജീവിതകാലത്ത് ഏറ്റവും മികച്ച സംഗീതം ആസ്വദിക്കുവാനും ചിത്രങ്ങൾ കാണുവാനും നൃ




ത്ത – നാടക പരിശീലനം നേടുവാനും സാദ്ധ്യമാകുന്ന പ്രബുദ്ധസൗന്ദര്യമാണ് സഹൃദയത്തത്തിന്റെ കാതൽ. അഭിരുചികളെ കണ്ടെത്തി മികവാർന്ന കലാപരിശീലനങ്ങളിലൂടെ അവയെ വളർത്തുവാനുള്ള പ്രോത്സാഹനങ്ങൾ ഏറ്റവും പ്രധാനമാണ്. വിദ്യാർത്ഥികളുടെ ഒരു സ്വപ്നകലാലയമായി ഉയരണമെങ്കിൽ സ്വപ്നങ്ങളെ പ്രായോഗികമാക്കുന്ന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. സഹൃദയയ്ക്ക് ഒരു സപ്തസദസ്സുണ്ട്. സർഗ്ഗാത്മകതയുടെ സപ്തവർണ്ണങ്ങളുടെ മഴവില്ല്. വായനകൊണ്ടും മികച്ച ആസ്വാദനങ്ങൾക്കൊണ്ടും രചനകൾകൊണ്ടും പ്രചോദനമാകുന്ന അക്ഷരം, നാടകത്തിന്റെ എല്ലാ തലങ്ങളും പരിശീലിപ്പിക്കുന്ന നാട്യം, ക്ലാസിക്കലും നാടോടിയുമായ നൃത്തകല അഭ്യസിക്കുന്ന ചുവട്, വരകളും വർണ്ണങ്ങളുംകൊണ്ട് സൗന്ദര്യപരിശീലനം നടത്തുന്ന വർണ്ണം, ശാസ്ത്രീയ സംഗീതത്തിന്റെയും ലളിതഗാനങ്ങളുടെയും ചിട്ടകൾ ക്രമപ്പെടുത്തുന്ന സ്വരം, പല മാധ്യമങ്ങളിൽ ശില്പങ്ങൾ മെനയുന്ന രൂപം, വീഡിയോഗ്രാഫിയടക്കം കാമ്പസ് ദൃശ്യങ്ങളുടെയും ഡിജിറ്റൽഭാവനകളിലേക്ക് ചിറക് വിടർത്തുന്ന ദൃശ്യം എന്നിങ്ങനെ ഏഴ് സദസ്സുകൾ മറ്റേതെങ്കിലും കലാലയത്തിൽ ആസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന സംശയമാണ്. കലാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും അവരുടെ അഭിരുചികൾക്കിണങ്ങും വിധത്തിൽ അദ്ധ്യാപകരുടെ നേതൃത്വത്തിൽ ആഴ്ചതോറും പരിശീലിപ്പിക്കുവാനുള്ള വേദികൾ സജീവമായി നിലനിർത്തുന്നു. ഒരുപക്ഷെ ഇത്തരമൊരു കലാവിദ്യാഭ്യാസം അദ്ധ്യയനത്തോടൊപ്പം സമാന്തരമായി ക്രമപ്പെടുത്തിയതിന്റെ സത്ഫലങ്ങൾ 'സഹൃദയ'യ്ക്ക് വർണ്ണത്തിളക്കം നൽകിയിട്ടുണ്ട്. സർവകലാശാലാ തലത്തിനുള്ള യുവജനോത്സവങ്ങളിൽ അതിശയകരമായ നേട്ടങ്ങളാണ് സഹൃദയ കൈവരിച്ചുകൊണ്ടിരിക്കുന്നത്. അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ കാലുകൾക്കൊപ്പം കലാഭിരുചികളുടെ ചിറകുകൾകൂടി തുന്നിപ്പിടിക്കുവാനുള്ള ശ്രമങ്ങൾ തന്നെയാകും 'സഹൃദയ'യുടെ യഥാർത്ഥ ഹൃദയകാന്തി. സപ്തസദസ്സുകൾക്കൊപ്പം നേച്ചർക്ലബ്ബും ഹെൽത്ത് ക്ലബ്ബും പ്രവർത്തിക്കുന്നുണ്ട്. പാരിസ്ഥിതിക അവബോധമുള്ള ഒരു ഹരിതവിദ്യാലയം എന്ന സ്വപ്ന പദ്ധതി വിദ്യാർത്ഥികളുടെ ജീവിത ശീലമാക്കുവാനുള്ള ശ്രമവും ഫലം കണ്ടു തുടങ്ങിയിരിക്കുന്നു.

സ്വപ്നങ്ങളില്ലാതെ ലക്ഷ്യങ്ങൾ രൂപപ്പെടുത്താനാവില്ല. അതിരുകളില്ലാതെ സ്വപ്നം കാണുന്നവർക്കും സ്വപ്നങ്ങളെ പ്രായോഗികമാക്കുന്ന ലക്ഷ്യങ്ങൾ കണ്ടെത്തുകയും വേണം. അതിനായി കഠിനമായി അദ്ധ്വാനിക്കുകയും വേണം. **Ever to Excel** എന്ന വിട്ടുവീഴ്ചയില്ലാത്ത മികവുകൾക്കുവേണ്ടി സമർപ്പിക്കുന്ന ഒരു ആപ്തവാക്യം കാമ്പസിനെ ജ്വലിപ്പിച്ചു നിർത്തുന്നു. വായുവിൽ മാളിക പണിയുന്നതുകൊണ്ട് തെറ്റില്ല. താഴെ അടിത്തറ പണിയണമെന്നു മാത്രം. സത്യത്തിൽ സ്വപ്നങ്ങളുടെ അടിത്തറ പണിയലാണ് വിദ്യാഭ്യാസത്തിന്റെ സർഗ്ഗാത്മകത. ജീവിതത്തെ സൗന്ദര്യാത്മകമായി കാണാൻ പഠിക്കുന്നതിലൂടെ കൂടുതൽ ഉദാരമായി സഹിഷ്ണുതയോടെ സമഭാവനയോടെ വിവേകശാലികളാകുവാൻ കഴിയും.

സൂര്യനെപ്പോലെ ജ്വലിക്കണമെങ്കിൽ സൂര്യനെപ്പോലെ എരിയാൻ തയ്യാറാകണം. കഠിനപരിശ്രമമില്ലാത്ത കലാവിദ്യാഭ്യാസത്തിൽ വിളവെടുപ്പ് ഉണ്ടാകില്ല. സഹൃദയ കലാലയത്തിൽ ഭാഷാപഠനങ്ങൾക്കും മികച്ച പ്രാധാന്യമുണ്ട്. ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ജർമൻ, ഫ്രഞ്ച് എന്നീ ഭാഷകളുടെ ഒരു നൃത്തമാണിവിടെ അരങ്ങേറുന്നത്. എല്ലാ നന്മകളും വിളയിച്ചെടുക്കാനുള്ള ഫലഭൂയിഷ്ഠമായ വയലാകണം വിദ്യാലയം. അതിൽ നൂറുമേനി വിളവുണ്ടാകണം. കലയും സാഹിത്യവും ഭാഷയും വിദ്യാഭ്യാസത്തിന്റെ സ്വഭാവം നിർണയിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. കലാപരിശീലനങ്ങൾക്കൊപ്പം കായിക പരിശീലനവും ആരോഗ്യമുള്ള ഒരു കാമ്പസിനെ ഉന്മേഷഭരിതമാക്കും. കായിക കലയും സൗന്ദര്യാത്മക വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമാണ്. പരാജയങ്ങളെ നേരിടാനുള്ള ഊർജം ഏറ്റവും അധികം ലഭിക്കുന്നത് കായിക വേദികളിലാണ്. മത്സരങ്ങളിൽ പങ്കെടുക്കുമ്പോൾ ഒരു തുറന്ന മനസ്സ് ഒരു **Sportsmanship** വിദ്യാർത്ഥികൾക്ക് ലഭിക്കും. കലാപരിശീലനങ്ങളിലും താരതമ്യങ്ങൾ അനാവശ്യമാണ്. കലയിൽ മത്സരം അത്ര പ്രധാനമാകരുത്. കലാകാരന്മാർ പരസ്പരം മത്സരിക്കരുത്. മത്സരിക്കുന്നെങ്കിൽ തന്നോടുതന്നെ മത്സരിക്കട്ടെ. മത്സരം തനിക്കുള്ളിലെ ഏറ്റവും നല്ലതിനെ പുറത്തെടുക്കാനുള്ള മത്സരമായിരിക്കട്ടെ.

കലാലയങ്ങളിലെ കലാപരിശീലനങ്ങൾക്ക് ധാർമിക സൗന്ദര്യമുണ്ടാകണം. തന്റെ ഉള്ളിലെ തന്നെയും (**Individual Self**) സമൂഹത്തിനുള്ളിലെ തന്നെയും (**Social Self**) അടയാളപ്പെടുത്തുവാനുള്ള ഉപാധിയാണ് കല. അനുഭവങ്ങളെയും അനുഭൂതികളെയും ആവിഷ്ക്കരിക്കാനുള്ള തന്റേതായ മാധ്യമം കണ്ടെത്തുമ്പോഴാണ് ഒരാൾ കലാകാരനാകുന്നത്. **The Artist is not a special kind of man. But every man is a special kind of Artist.** എല്ലാവരിലുമുണ്ട്. ഒരു പ്രത്യേകതരം കലാപ്രവർത്തനം. അറിവിനേക്കാൾ, അനുഭൂതികൾ വ്യക്തിത്വത്തെ നിർണ്ണയിക്കാം. സംഗീതം, സാഹിത്യം, നൃത്തം, ചിത്രം, നാടകം, സിനിമ തുടങ്ങിയ സർഗ്ഗാത്മക മേഖലയിലെ ഏതെങ്കിലും മാധ്യമത്തിൽ നൈപുണ്യം ആവിഷ്ക്കാരവും പരിശീലിപ്പിക്കുവാനുള്ള ശ്രമങ്ങളിൽ നിന്നാണ് ഒരു കലാലയത്തിന് സ്വന്തമായൊരു താളമുണ്ടാകുന്നത്. സർഗാത്മകതയുടെ സുഗന്ധമുണ്ടാകുന്നത്. ഭാഷയും കണക്കും ശാസ്ത്രവും പഠിപ്പിക്കുന്ന ട്യൂഷൻസെന്ററുകളല്ല ഒരു വിദ്യാലയം. ഓരോ വിദ്യാർത്ഥിക്കണ്ണുകൾക്കുള്ളിലെയും സർഗ്ഗ സുഗന്ധത്തെ തിരിച്ചറിയുകയും അത് കലാലയത്തിന്റെ പൊതുസുഗന്ധമായി മാറുകയും ചെയ്യുമ്പോഴാണ് വിദ്യാഭ്യാസത്തിന് അതിന്റെ അഴകുകൾ തിരിച്ചു കിട്ടുക. നല്ല സൗന്ദര്യബോധമുള്ള സാമൂഹിക പ്രതിബദ്ധതയുള്ള ഇടപെടൽശേഷിയുള്ള വിദ്യാർത്ഥികളാണ് ഒരു കലാലയത്തിന്റെ ആത്മാവ് നിങ്ങളെ സ്നേഹത്തിലേയ്ക്കും സൗന്ദര്യത്തിലേയ്ക്കും ഉത്തേജിപ്പിക്കുന്ന എന്തിനും ഇഷ്ടത്തോടെ വഴങ്ങുക എന്ന ആവിലായിലെ തെരേസയുടെ വാക്യത്തിൽ സഹൃദയചിന്ത ഉപസംഹരിക്കുന്നു.

**പ്രൊഫ. വി. ജി. തമ്പി**
*ഡീൻ, ഭാഷാസാഹിത്യവിഭാഗം*
*സഹൃദയ കോളേജ്*





## അവസരങ്ങളുടെ വാതായനങ്ങൾ തുറക്കുന്ന

# ഫിനാൻസ്, അക്കൗണ്ടിങ്ങ് പ്രൊഫഷണൽ കോഴ്സുകൾ

വ്യവസായ വാണിജ്യരംഗത്ത് ഇന്ത്യ കുതിച്ചുകയറ്റം നടത്തികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ [illegible] ണ്ടിങ്ങ് പ്രൊഫഷണലുകൾക്കുള്ള അവസരങ്ങൾ ഏറെ വർദ്ധിച്ചിട്ടുണ്ട്. സയൻസുമായി ബന്ധപ്പെട്ട പ്രൊഫഷണൽ കോഴ്സുകളായ മെഡിസിൻ, എഞ്ചിനീയറിംങ്ങ് പോലെ ഫിനാൻസ്, അക്കൗണ്ടിങ്ങ് മേഖലകളുമായി ബന്ധപ്പെട്ട പല പ്രൊഫഷണൽ കോഴ്സുകളും ഇന്ന് നിലവിലുണ്ട്.

സഹൃദയ കോളേജിലെ ഏഴു ബാച്ച് ബി.കോം കോഴ്സുകളുമായി ബന്ധപ്പെട്ട് ഏ[illegible] പ്രൊഫഷണൽ കോഴ്സുകൾ ഈ വർഷം മുതൽ നിലവിൽ വരുകയാണ്.

ചാർട്ടേഡ് അക്കൗണ്ടൻസി(CA) കോസ്റ്റ് ആന്റ് മാനേജ്മെന്റ് അക്കൗണ്ടൻസി (CMA) കമ്പനി സെക്രട്ടറി (CS) സർട്ടിഫിക്കറ്റ് ഇൻ അക്കൗണ്ടിങ്ങ് ടെക്നീഷ്യൻ (CAT) എന്നീ ഇൻഡ്യൻ കോഴ്സുകളും, അസോസിയേഷൻ ഓഫ് ചാർട്ടേഡ് സർട്ടിഫൈഡ് അക്കൗണ്ടന്റ് (ACCA-UK Certification) സർട്ടിഫൈഡ് മാനേജ്മെന്റ് അക്കൗണ്ടന്റ്സ് (CMA- US Certification) സർട്ടിഫൈഡ് ഫിനാഷ്യൽ പ്ലാനർ (CFP) എന്നീ ഇന്റർനാഷണൽ കോഴ്സുകളുമാണ് ബി.കോം കോഴ്സുകളോടൊപ്പം പഠിപ്പിക്കുന്നത്.







# 1. ചാർട്ടേഡ് അക്കൗണ്ടൻസി

## സാമ്പത്തിക ലോകത്തിന്റെ അവസാനവാക്ക്

**കോ**മേഴ്സ് വിദ്യാർത്ഥികൾക്ക് സമാനതുല്യമായ കരിയർ സമ്മാനിക്കുന്ന കോഴ്സാണ് ചാർട്ടേഡ് അക്കൗണ്ടൻസി (C.A.). അക്കൗണ്ടിങ്, ഓഡിറ്റിങ്, കോർപറേറ്റ് ഫിനാൻസ്, കമ്പനി നിയമങ്ങൾ, നികുതി, എന്നിവയിലെല്ലാം വൈദഗ്ധ്യം നേടിയ ഒരു 'ഓൾ ഇൻ വൺ' പ്രൊഫഷനാണ് ചാർട്ടേഡ് അക്കൗണ്ടൻസി

കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടൻസ് ഓഫ് ഇന്ത്യ' (ICAI) ആണ് ഈ കോഴ്സ് നടത്തുന്നത്.

ഈ കോഴ്സ് പാസാകുന്നവർക്ക് സ്വന്തമായി പ്രാക്ടീസ് നടത്തുകയോ വ്യാപാര വ്യവസായ, സാമ്പത്തിക രംഗവുമായി ബന്ധപ്പെട്ട ഏറ്റവും തിളക്കമാർന്ന പദവികൾ വഹിക്കുകയോ ചെയ്യാം.

അക്കൗണ്ടിങ് ജോലികൾ, കമ്പനികളുടെ രൂപവത്കരണവും ലിക്വിഡേഷനുമായി ബന്ധപ്പെട്ട ജോലികൾ, കമ്പനിനിയമം, ഇൻകം ടാക്സ്, സെയിൽസ് ടാക്സ്, സർവ്വീസ് ടാക്സ്, കസ്റ്റംസ് ഡ്യൂട്ടി എന്നിവയുമായി ബന്ധപ്പെട്ട റിട്ടേണുകൾ, ഓഡിറ്റിങ്, മാനേജ്മെന്റ് ഓഡിറ്റ് തുടങ്ങി വിപുലമായ സേവനങ്ങളാണ് ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് നൽകി വരുന്നത്.

ഫിനാൻസ് മാനേജർ, കമ്പനി ഡയറക്ടർ, ചീഫ് അക്കൗണ്ടൻസ് ഓഫീസർ, ഇൻവെസ്റ്റ്മെന്റ് കൺസൾട്ടന്റ്, റിസ്ക് മാനേജർ, അസറ്റ് പ്ലാനിംഗ് കൺസൾട്ടന്റ്, കാപ്പിറ്റൽ മാർക്കറ്റ് അനലിസ്റ്റ് തുടങ്ങിയ വിവിധ പദവികളിൽ ചാർട്ടേഡ് അക്കൗണ്ടന്റ് നിർവ്വഹിച്ചു വരുന്നു.

മൂന്നു തലങ്ങളിലായാണ് കോഴ്സ്

1. എൻട്രി ലെവൽ പരീക്ഷ: കോമൺ പ്രൊഫിഷൻസി ടെസ്റ്റ് (CPT)
2. ഇന്റഗ്രേറ്റഡ് പ്രൊഫഷണൽ കോംപിറ്റൻസ് കോഴ്സ് (IPCC)
3. ഫൈനൽ കോഴ്സ്

മൂന്നു വർഷക്കാലത്തെ ആർട്ടിക്കിൾഡ് അസിസ്റ്റന്റായി പ്രായോഗിക പരിശീലനം ഈ കോഴ്സിന്റെ പ്രത്യേകതയാണ്.



## 2. കോസ്റ്റ് ആന്റ് മാനേജ്മെന്റ് അക്കൗണ്ടന്റ് (CMA)

### മാനേജ്മെന്റ് തന്ത്രങ്ങളുടെ സൂത്രധാരൻ

കമ്പനികളുടെ ഉൽപാദന, സേവന മേഖലകളിലെ ചെലവുകൾ നിയന്ത്രിക്കുകയും അനുയോജ്യമായി ബന്ധപ്പെട്ട പുതിയ തന്ത്രങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഒരു കോസ്റ്റ് ആന്റ് മാനേജ്മെന്റ് അക്കൗണ്ടന്റിന്റെ മുഖ്യമായ ചുമതലകൾ.

സ്ഥാപനങ്ങളുടെ കാര്യക്ഷമത, ഉൽപാദന ക്ഷമത എന്നിവ പരിശോധിക്കുക, തന്ത്രപ്രധാനമായ ബിസിനസ് തീരുമാനങ്ങൾ എടുക്കുവാൻ ഉപദേശങ്ങൾ നൽകുക, ബജറ്റും പ്രവർത്തന നിലവാരവും സമയബന്ധിതമായി നിശ്ചയിക്കുക, ഇൻവെസ്റ്റ്മെന്റ് പ്ലാനിംഗ്, പ്രോഫിറ്റ് പ്ലാനിംഗ്, പ്രോജക്ട് മാനേജ്മെന്റ്, കോസ്റ്റ് ഓഡിറ്റ് തുടങ്ങിയവയാണ് മറ്റു സേവനങ്ങൾ.

സ്വകാര്യ മേഖലയിൽ മാനേജിംഗ് ഡയറക്ടർ, ഫിനാൻസ് ഡയറക്ടർ, ചീഫ് ഫിനാൻസ് ഓഫീസർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഫിനാൻസ് മാനേജർ, ഇന്റേണൽ ഓഡിറ്റർ, തുടങ്ങിയ പദവികളിലും, പൊതുമേഖലയിൽ IAS, IFS മാതൃകയിലുള്ള ഇന്ത്യൻ കോസ്റ്റ് അക്കൗണ്ടിംഗ് സർവീസ് (ICoS) പാസ്സായവർക്ക് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ സെക്രട്ടറി, ഡയറക്ടർ തുടങ്ങിയ ഉന്നത തസ്തികകളിലുമെത്താം. കൂടാതെ യുജിസി പ്രകാരം മാനേജ്മെന്റ് പഠന സ്ഥാപനങ്ങളിൽ അധ്യാപകരായി CMAക്കാരെ നിയമിക്കാം.

ഇന്ത്യയിൽ ആകെയുള്ള CMAക്കാരുടെ അംഗസംഖ്യ 6000 മാത്രമാണ്. ആയതിനാൽ ഏറെ അവസരങ്ങളും യോഗ്യതയുള്ളവർ കുറവും ഉള്ള കോഴ്സ് ഏതാണെന്നു ചോദിച്ചാൽ ഉത്തരം കോസ്റ്റ് ആന്റ് മാനേജ്മെന്റ് അക്കൗണ്ടന്റ് എന്നതാണ്.

കൽക്കത്ത ആസ്ഥാനമായ കേന്ദ്ര സർക്കാർ നിയന്ത്രിതമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ICAI) ആണ്. മൂന്നു വർഷം ദൈർഘ്യമുള്ള പഠന പരിശീലനങ്ങളോടെ കോസ്റ്റ് അക്കൗണ്ടന്റുമാരെ വാർത്തെടുക്കുന്നത്.

ഫൗണ്ടേഷൻ, ഇന്റർമീഡിയറ്റ്, ഫൈനൽ എന്നിങ്ങനെ മൂന്നുഘട്ടങ്ങളിലായാണ് കോഴ്സ് നടക്കുന്നത്.

## 3. കമ്പനി സെക്രട്ടറി (CS)

### വാണിജ്യ വ്യവസായ ലോകത്തിന്റെ നട്ടെല്ല്

ഒരു കോർപറേറ്റ് മാനേജ്മെന്റ് സ്ഥാപനത്തിലെ പ്രിൻസിപ്പൽ ഓഫീസറാണ് കമ്പനി സെക്രട്ടറി. കോർപ്പറേറ്റ് നിയമങ്ങൾ, തൊഴിൽ നിയമങ്ങൾ, ടാക്സ് മാനേജ്മെന്റ് ബിസിനസ് സംബന്ധമായ കാര്യങ്ങൾ എന്നിവയിൽ മാനേജ്മെന്റിന് ഉപദേശം നൽകുവാനും കമ്പനി ഭരണ നിർവ്വഹണം നടത്തുവാനും കഴിവുള്ള പ്രൊഫഷണലുകളെ സൃഷ്ടിക്കുന്ന കോഴ്സാണ് കമ്പനി സെക്രട്ടറി. ഇംഗ്ലീഷ് ഭാഷയോടും നിയമവിഷയങ്ങളോടും താല്പര്യമുള്ളവർക്ക് യോജിച്ചതാണ് കമ്പനി സെക്രട്ടറിഷിപ്പ്.

കമ്പനികൾ നിയമപ്രകാരം നടപ്പിലാക്കേണ്ടവ യഥാസമയം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ഓഹരികളുടെ പബ്ലിക് ഇഷ്യു, കമ്പനികൾ കൂട്ടിച്ചേർക്കൽ, നിക്ഷേപം, വായ്പ എന്നിവയുടെ നിയന്ത്രണം, ഉന്നത മാനേജ്മെന്റിലെ നിയമനം, ശമ്പളനിർണയം, ഡയറക്ടർ ബോർഡിന്റെയും, ഷെയർ ഹോൾഡേഴ്സിന്റെയും തൊഴിലാളികളുടെയും യോഗം വിളിക്കുക തുടങ്ങിയവയൊക്കെ കമ്പനി സെക്രട്ടറിയുടെ ചുമതലകളാണ്.

2013ലെ കമ്പനി നിയമം അനുസരിച്ച് അഞ്ച് കോടിയിൽ കവിഞ്ഞ അടച്ചു തീർത്ത മൂലധനമുള്ള എല്ലാ കമ്പനികൾക്കും കമ്പനി സെക്രട്ടറിയെ നിയമിക്കേണ്ടത് നിർബന്ധമാണ്. 10 കോടിയിൽ കൂടുതൽ അടച്ചു തീർത്ത മൂലധനമുള്ള കമ്പനികളിൽ കമ്പനി സെക്രട്ടറിയെ കീ മാനേജീരിയൽ പേഴ്സണലായി (KMP) നിയമിക്കേണ്ടതാണ്. ഇന്ത്യയിൽ ഏകദേശം 15 ലക്ഷത്തിലധികം കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും കമ്പനി സെക്രട്ടറി കോഴ്സുകൾ പാസ്സായവർ 35000ത്തിൽ താഴെ മാത്രമാണ്. അതിനാൽ ജോലി ലഭ്യത അനന്തമാണെന്ന് പറയാം.

1980ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമത്തിലൂടെ നിലവിൽ വന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ(ICSI)എന്ന സ്റ്റാറ്റ്യൂട്ടറി ബോഡിയാണ് കമ്പനി സെക്രട്ടറിമാരെ പരിശീലിപ്പിക്കുകയും പരീക്ഷകൾ നടത്തുകയും ചെയ്യുന്നത്. ഫൗണ്ടേഷൻ പ്രോഗ്രാം, എക്സിക്യൂട്ടീവ് പ്രോഗ്രാം, പ്രൊഫഷണൽ പ്രോഗ്രാം എന്നിങ്ങനെ മൂന്നുഘട്ടങ്ങളായി കോഴ്സ് ക്രമീകരിച്ചിരിക്കുന്നു. മൂന്നുവർഷകാലത്തിനുള്ളിൽ സമർത്ഥനായ ഒരു കുട്ടിക്ക് ഈ പരീക്ഷകൾ പാസ്സാകാം.



## 4. അസോസിയേഷൻ ഓഫ് ചാർട്ടേഡ് സർട്ടിഫൈഡ് അക്കൗണ്ടന്റ്സ് ACCA (UK)

### ആഗോള ബിസിനസ് ഫിനാഷ്യൽ അനലിസ്റ്റ്

ബ്രിട്ടീഷ് സി.എ: ഇന്റർ നാഷണൽ ചാർട്ടേഡ് അക്കൗണ്ടന്റ് എന്നറിയപ്പെടുന്ന **ACCA** അക്കൗണ്ടിങ് മേഖലയിലെ ആഗോള പ്രൊഫഷണൽ കോഴ്സാണ്. ആഗോള തലത്തിൽ ഫിനാൻസ്, അക്കൗണ്ടിങ്, ഓഡിറ്റിംഗ്, മാനേജ്മെന്റ്, ടാക്സേഷൻ എന്നീ മേഖലകളിൽ കടന്നു ചെല്ലുവാൻ ആഗ്രഹിക്കുന്നവർക്ക് പ്രയോജനം ചെയ്യുന്ന കോഴ്സാണ് **ACCA.** ബ്രിട്ടനിലെ ചാർട്ടേഡ് സർട്ടിഫൈഡ് അക്കൗണ്ടന്റ്സ് അസോസിയേഷന്റെ അംഗത്വമാണ് **ACCA.**

ലോകത്തിലെ 181 രാജ്യങ്ങളിലായി 178,000ലധികം അംഗങ്ങളുള്ളതും 455,000ലധികം വിദ്യാർത്ഥികൾ വിവിധ രാജ്യങ്ങളിലായി പഠിക്കുകയും ചെയ്യുന്ന കോഴ്സാണ് ഇത്.

ഫണ്ടമെന്റൽ ലെവൽ (9 പേപ്പറുകൾ) പ്രൊഫഷണൽ ലെവൽ (5 പേപ്പറുകൾ) എന്നീ തലങ്ങളിലായി 14 പേപ്പറുകളാണ് **ACCA** കോഴ്സിന് പഠിക്കുവാനുള്ളത് ആദ്യത്തെ നാലി പേപ്പറുകൾ കമ്പ്യൂട്ടർ ബേസ്ഡ് എക്സാം (CBE) ആണ്.

**ACCA** പാസ്സാകുന്നവരെ ഫിനാഷ്യൽ ഡയറക്ടർ, ബിസിനസ് അനലിസ്റ്റ്, ടാക്സ് അക്കൗണ്ടന്റ് ഇന്റേണൽ ഓഡിറ്റർ, മാനേജ്മെന്റ് അക്കൗണ്ടന്റ് എന്നീ പദവികളിൽ നിയമിക്കാറുണ്ട്.

**ACCA** ക്ക് ഗൾഫ്, ഓസ്ട്രേലിയ, കാനഡ, യുകെ, ന്യൂസിലാൻഡ്, അയർലൻഡ് തുടങ്ങിയ രാജ്യങ്ങളിലേക്ക് മുൻഗണനാ ഇമ്മിഗ്രേഷൻ സ്റ്റാറ്റസ് ഉണ്ട്. ഐക്യരാഷ്ട്ര സഭ അംഗീകരിച്ചിട്ടുള്ളതിനാൽ എ.സി.സി.എ അംഗത്വം നേടിയവർക്ക് രാജ്യാന്തര തലങ്ങളിൽ അവസരങ്ങൾ ഏറെയാണ്. 181 രാജ്യങ്ങൾ അംഗീകരിച്ചതിനാൽ ഇത്രയും രാജ്യങ്ങളിൽ ജോലി ചെയ്യാനും സാധിക്കും.

## 5. സർട്ടിഫൈഡ് മാനേജ്മെന്റ് അക്കൗണ്ടന്റ് (CMA - USA)

അമേരിക്കയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അക്കൗണ്ടന്റ്സ് (IMA) യുടെ അംഗീകൃത പ്രൊഫഷണൽ യോഗ്യതയാണ് സർട്ടിഫൈഡ് മാനേജ്മെന്റ് അക്കൗണ്ടന്റ് (IMA) എന്നത്. മാനേജ്മെന്റ് അക്കൗണ്ടിംഗ് പ്രൊഫഷന് പ്രാമുഖ്യം കൊടുത്തുകൊണ്ട് ഒരു സ്ഥാപനത്തിലെ സാമ്പത്തിക കാര്യങ്ങൾ കാര്യക്ഷമതയോടെയാണോ മുന്നേറുന്നതെന്ന് നിരീക്ഷിക്കുവാനും ബിസിനസ് തന്ത്രങ്ങൾ രൂപീകരിക്കുന്നതിനും മാനേജ്മെന്റ് അക്കൗണ്ടന്റിന്റെ സേവനം നിർണ്ണായകമാണ്.

രണ്ടു പേപ്പറുകളാണ് IMA പരീക്ഷയിലുള്ളത്. ഓരോ പേപ്പറുകളിലും അഞ്ചോ ആറോ വിഷയങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ രണ്ടു പേപ്പറുകളും ഓൺലൈൻ പരീക്ഷാ സെന്ററുകൾ വഴി ലോകവ്യാപകമായി ഏതു മെട്രോ നഗരത്തിൽ നിന്നും എഴുതിയെടുക്കുവാനുള്ള സൗകര്യമുണ്ട്.

ഫിനാൻഷ്യൽ പ്ലാനിംഗ് പെർഫോർമൻസ് ആന്റ് കൺട്രോൾ, ഫിനാൻഷ്യൽ ഡിസിഷൻ മേക്കിംഗ് എന്നി രണ്ടു പേപ്പറുകൾ ഉൾക്കൊള്ളുന്ന IMA പരീക്ഷയിൽ 70% ചോദ്യങ്ങളും ഒബ്ജക്റ്റീവ് ടൈപ്പ് ആണ്. ബാക്കി 30% ശതമാനത്തിൽ കേസ് സ്റ്റഡികളും ഉൾപ്പെടുത്തിയിരിക്കുന്നു. 2009ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അക്കൗണ്ട്സ്, (IMA- USA)യും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ് ഓഫ് ഇന്ത്യ (ICAI) യുമായി ഉണ്ടാക്കിയ ഉഭയകക്ഷി കരാർപ്രകാരം CMA (USA), CMA (India) പരസ്പരം അംഗീകരിച്ചിട്ടുണ്ട്. പരസ്പരം അംഗീകരിച്ചിട്ടുണ്ട്. അപ്രകാരം CMA (USA) നേടിയ ഒരാൾക്ക് CMA (India) യുടെ അംഗത്വം നേടാവുന്നതാണ്.

CMA പരീക്ഷ പാസ്സായവരെ, ഫിനാൻഷ്യൽ അനലിസ്റ്റ്, സ്റ്റാഫ് അക്കൗണ്ടന്റ്, ബഡ്ജറ്റ് അനലിസ്റ്റ് ഇന്റേണൽ ഓഡിറ്റർ, ഫിനാൻസ് മാനേജർ, ഫിനാൻസ് വൈസ് പ്രസിഡന്റ്, ചീഫ് ഫിനാൻഷ്യൽ ഓഫീസർ (CFO) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CEO) തുടങ്ങിയ തസ്തികകളിൽ നിയമിക്കുന്നു.

## 6. സർട്ടിഫിക്കറ്റ് ഇൻ അക്കൗണ്ടിംഗ് ടെക്നീഷ്യൻസ് (CAT)

ബിസിനസ് ലോകത്ത് അക്കൗണ്ടന്റുമാരുടെ വർദ്ധിച്ചുവരുന്ന ഡിമാന്റ് കണക്കിലെടുത്ത് 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടൻസ് ഓഫ് ഇന്ത്യ (ICAI) ആരംഭിച്ച കോഴ്സാണ് സർട്ടിഫിക്കറ്റ് ഇൻ അക്കൗണ്ടിംഗ് ടെക്നീഷ്യൻസ്. ഇന്ത്യ ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സിന്റെ അംഗീകാരത്തോടുകൂടിയ കോഴ്സാണ് ഇത്. വ്യവസായ മേഖലയിലോ സ്ഥാപനങ്ങളിലോ അക്കൗണ്ടന്റുമാരായി നിയമനം ലഭിക്കുവാൻ പര്യാപ്തമായ രീതിയിലാണ് കോഴ്സ് വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്.

അക്കൗണ്ട്സ് തയ്യാറാക്കൽ, ഇൻകം ടാക്സ്, സർവീസ് ടാക്സ്, വാറ്റ്, കമ്പനിനിയമം, സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് ആക്ട് കയറ്റുമതി ഇറക്കുമതി ചട്ടങ്ങൾ എന്നിവ അനുസരിച്ചുള്ള റിട്ടേണുകൾ തയ്യാറാക്കുകയും ഫയൽ ചെയ്യുകയും ചെയ്യുക എന്നത് കോഴ്സിന്റെ ഭാഗമാണ്.

ഫൗണ്ടേഷൻ കോഴ്സ് (എൻട്രി ലെവൽ) കോംപിറ്റൻസി ലെവൽ എന്നിങ്ങനെ രണ്ടു ഘട്ടങ്ങളുണ്ട്. ഫൗണ്ടേഷൻ പാസ്സായതിനു ശേഷമേ രണ്ടാം ഘട്ടം എഴുതാൻ അനുവദിക്കുകയുള്ളൂ.

60 മണിക്കൂർ കമ്പ്യൂട്ടർ പരിശീലനം 3 മാസത്തെ ഇൻന്റേൺഷിപ്പ്, 5 ദിവസത്തെ ഓറിയന്റേഷൻ പ്രോഗ്രാം എന്നിവ ഈ കോഴ്സിന്റെ ഭാഗമാണ്.

ഫണ്ടമെന്റൽസ് ഓഫ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ്, അപ്ലൈയ്ഡ് ബിസിനസ്സ് ആന്റ് ഇൻഡസ്ട്രിയൽ ലോ, ഫിനാൻഷ്യൽ അക്കൗണ്ടിംഗ് –2, സ്റ്റാറ്റ്യൂട്ടറി കംപ്ലയൻസ്, ഫണ്ടമെന്റൽ ഓഫ് കംമ്പ്യൂട്ടേഴ്സ്, ഫയലിംഗ് ഓഫ് സ്റ്റാറ്റ്യൂട്ടറി റിട്ടേൺസ്, കോസ്റ്റ് അക്കൗണ്ടിംങ് എന്നിവയാണ് ഈ കോഴ്സിന്റെ പാഠ പദ്ധതി.

ഈ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്വന്തമായി അക്കൗണ്ട് ബുക്കുകൾ എഴുതി ഫൈനൽ അക്കൗണ്ട്സ് തയ്യാറാക്കുന്നതിനും നിയമപ്രകാരമുള്ള റിട്ടേണുകൾ തയ്യാറാക്കി ഫയൽ ചെയ്യുന്നതിന് ആവശ്യമായ പ്രാപ്തി കൈവരുത്തുവാൻ സാധിക്കും.



# 7. സർട്ടിഫൈഡ് ഫിനാഷ്യൽ പ്ലാനർ (CFP)

ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതകളുള്ള ഒരു മേഖലയാണ് ഫിനാൻഷ്യൽ സർവീസസ്. ഈ രംഗത്ത് ... കൊണ്ട് പൂർത്തിയാക്കാവുന്നതും ഏറ്റവും കൂടുതൽ ശമ്പളം ഉള്ളതും അന്താരാഷ്ട്ര തലത്തിൽ തൊഴിൽ സാധ്യത ... ം ചെയ്യുന്നതുമായ ഒരു കോഴ്സാണ് സർട്ടിഫൈഡ് ഫിനാൻഷ്യൽ പ്ലാനർ.

ഫിനാൻഷ്യൽ പ്ലാനിംഗ് രംഗത്ത് ലോക വ്യാപകമായി അംഗീകരിച്ചിട്ടുള്ള കോഴ്സാണ് CFP. അമേരിക്ക ആസ്ഥാനമായി ഫിനാൻഷ്യൽ പ്ലാനിംഗ് സ്റ്റാൻഡേർഡ്സ് ബോർഡ് (FPSB)ന്റെ മെമ്പർഷിപ്പോടുകൂടി ഇന്ത്യയിൽ ഈ കോഴ്സിന്റെ സർട്ടി ... ഷൻ നടത്തുന്നത് മുംബൈ ആസ്ഥാനമായിട്ടുള്ള ഫിനാൻഷ്യൽ പ്ലാനിംഗ് സ്റ്റാൻഡേർഡ്സ് ബോർഡ് ഇന്ത്യയാണ്. ഫിനാ ... പ്ലാനിംഗ് അക്കാദമിക് രംഗത്ത് അന്താരാഷ്ട്ര അംഗീകാരം ഉള്ളതും ഇന്ത്യ ഉൾപ്പെടെ 26 രാജ്യങ്ങളിൽ അംഗീകരിക്ക ... ള്ള ഒരു പ്രൊഫഷണൽ കോഴ്സ് കൂടിയാണ് CFP.

... ലെ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് റെഗുലേഷൻ പ്രകാരം, സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ... EBI)യുടെ അംഗീകാരം ഈ കോഴ്സിനു ലഭിച്ചിട്ടുണ്ട്.

... നാൻഷ്യൽ പ്ലാൻ തയ്യാറാക്കുന്നതിനും, വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സാമ്പത്തിക ആവശ്യങ്ങളും നിക്ഷേ ... മാനങ്ങൾ എടുക്കുവാൻ വേണ്ടതായ ഉപദേശങ്ങൾ നല്കുന്നതിനും, സമ്പാദ്യം, നിക്ഷേപം, ഇൻഷുറൻസ്, നികുതി, ... മെന്റ്, എസ്റ്റേറ്റ്പ്ലാനിംഗ് എന്നിവയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു ഫിനാൻഷ്യൽപ്ലാനിംഗ് പ്രൊഫ ... ലിന്റെ സേവനം വളരെ നിർണ്ണായകമാണ്.

... ബാങ്കിംഗ്, വെൽത്ത് മാനേജ്മെന്റ് കമ്പനികൾ, മ്യൂച്ചൽഫണ്ട്, അസറ്റ് മാനേജ്മെന്റ് കമ്പനികൾ, സ്റ്റോക്ക് ബ്രോക്കിംഗ്, ... ഷ്യൽ പ്ലാനിംഗ് സ്ഥാപനങ്ങൾ, ഇൻഷുറൻസ്, ഫിനാൻഷ്യൽ സർവീസ് തുടങ്ങിയ സ്ഥാപനങ്ങളിൽ ഫിനാൻഷ്യൽ പ്ലാനർ, ... ത്ത് മാനേജർ, എസ്റ്റേറ്റ് പ്ലാനർ, ഇൻവെസ്റ്റ്മെന്റ് മാനേജർ, റിലേഷൻഷിപ്പ് മാനേജർ, ഇൻവെസ്റ്റ്മെന്റ് അഡ്വൈസർ ... പദവികൾ അലങ്കരിക്കുവാൻ പ്രാപ്തരാക്കുന്ന ന്യൂജെൻ കോഴ്സാണ് സർട്ടിഫൈഡ് ഫിനാൻഷ്യൽ പ്ലാനർ (CFP). ... സ്വന്തമായി സ്ഥാപനം ആരംഭിച്ച് ഫിനാൻഷ്യൽ കൺസൽട്ടൻസി, ടാക്സ് പ്ലാനിംഗ്, എസ്റ്റേറ്റ് പ്ലാനിംഗ്, ഇൻഷുറൻസ് ... ംഗ് മറ്റു ഫിനാൻഷ്യൽ സർവീസസ് എന്നിവ നൽകാവുന്നതാണ്.

... റിസ്ക് അനാലിസിസ് ആന്റ് ഇൻഷുറൻസ് പ്ലാനിംഗ്, റിട്ടയർമെന്റ് പ്ലാനിംഗ്, ടാക്സ്പ്ലാനിംഗ് ആന്റ് എസ്റ്റേറ്റ് പ്ലാനിംഗ്, ... വാൻസ്ഡ് ഫിനാൻഷ്യൽ പ്ലാനിംഗ് (കേസ്സ്റ്റഡി) എന്നീ അഞ്ച് വിഷയങ്ങളുടെ പ്രായോഗിക പഠനത്തിന്റെയും പരീക്ഷ ... യും വെളിച്ചത്തിലാണ് CFP സർട്ടിഫിക്കേഷൻ നൽകുന്നത്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഏറ്റവും കൂടുതൽ ബി.കോം. ബാച്ചുകൾ ഉള്ള കോളേജാണ് സഹൃദയ. ഏഴു സ്ട്രീമു ... മായി ബി.കോം പ്രൊഫഷണൽ, ഫിനാൻസ് (2 ബാച്ചുകൾ), ടാക്സേഷൻ, ബാങ്കിംഗ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, കോ ... ഷൻ എന്നീ കോഴ്സുകൾ നടത്തപ്പെടുന്നു. ബി.കോം പ്രൊഫഷണൽ കോഴ്സുള്ള കേരള ... ഏക സ്ഥാപനവും സഹൃദയ ആണ്.



സഹൃദയ കോളേജിൽ ബി.കോം കോഴ്സിനു ചേരുന്ന വിദ്യാർത്ഥികൾക്ക് അവരുടെ അഭി ... കഴിവ്, പഠന നിലവാരം എന്നിവ അനുസരിച്ച് CA, CS, CMA (ഇൻഡ്യ), ACCA, CMA ... CFP, CAT എന്നീ പ്രൊഫഷണൽ കോഴ്സുകളിൽ ഏതെങ്കിലും പഠിക്കുവാൻ സാധി ... ങ്ങനെ ചുരുങ്ങിയ 3 വർഷക്കാലം കൊണ്ട് ഇരട്ട ഡിഗ്രി ... ലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബി.കോം. അക്കാഡ ... ഗ്രിയും, അംഗീകൃത പ്രൊഫഷണൽ ബോഡിയുടെ ... ഷണൽ ഡിഗ്രിയും പ്രദാനം ചെയ്യുന്ന കേരള ... ഏക റഗുലർ കോളേജും സഹൃദയ ആണ്.

**പ്രൊഫ. തോമസ് വി. ജെ.**

*ഡീൻ, പ്രൊഫഷനൽ എജ്യുക്കേഷൻ*


ഇടപെടും!
മാജിക് !
നതിനെതിരെ ഇന്ദ്രജാലക്കാരുടെ പ്രതിഷേധം